# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1873 — 15.07.2016-ൽ മറുപടിയ്ക്ക്

## സുസ്ഥിര കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) പരിസ്ഥിതി സംരക്ഷണം ലക്ഷ്യം വെച്ച് സുസ്ഥിര കേരളം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) സംസ്ഥാന സർക്കാർ 2014 - 15 വർഷത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള "ഹരിതശ്രീ" പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് സുസ്ഥിര കേരളം ( Sustainable Environment Plan for the Nature ) പരിസ്ഥിതി വകുപ്പ് . വനം വകുപ്പ് , ബയോഡൈവേഴ്സിറ്റി ബോർഡ് , കുടുംബശ്രീ, ജനശ്രീ മിഷൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ് , സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പങ്കാളിത്ത പരിസ്ഥിതി പ്രവർത്തന പദ്ധതികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | ബി) സംസ്ഥാനത്തിന്റെ ഹരിതാഭ വർദ്ധിപ്പിച്ചും ,ജൈവവൈവിദ്ധ്യം പരിപോഷിപ്പിച്ചും, ആവാസവ്യവസ്ഥാ സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഓരോ വ്യക്തിയും ഒരു മരമെങ്കിലും നട്ടുകയും, തുടർന്ന് അതിനെ പരിപാലിച്ച് അതിന്റെ അതിജീവനം ഉറപ്പു വരുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്., |
| സി) ആയതു നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | സി) സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ സുസ്ഥിര കേരളം പരിപാടിയിൻ കീഴിൽ |

2014 ജൂൺ 5 ന് "ഹരിതശ്രീ" എന്ന പദ്ധതി ആവിഷ്കരിച്ച് രാവിലെ 10.30 മുതൽ 11.30 വരെയുള്ള ഒരുമണിക്കൂർ ഹരിതസമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നതും ടി ഹരിതസമയത്തിനുള്ളിൽ സംസ്ഥാനത്തൊട്ടാകെ 19.55 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**